മിസ്റ്റർ സ്പീക്കർ : അറിവിൽ പെട്ടിട്ടില്ലാത്ത കാര്യങ്ങൾ 'അറിയാൻ പാടില്ല' എന്നു പറയാം. (ചിരി)

ശ്രീ. ഏ. താണുപിള്ള : ഈ ഫണ്ടിനെ സംബന്ധിച്ചു ഗവണ്മെൻറിനു് എന്തെങ്കിലും ചെലവുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഗവണ്മെൻറു് ഇതിനു ഒരു ഗ്രാൻറു കൊടുക്കുന്നുണ്ടു്.

ശ്രീ. പാറം തളിയത്തു : ഈ ഫണ്ടു് ഇതുവരെ ഓഡിറു ചെയ്തിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഓഡിറു ചെയ്തിട്ടുള്ളതായി അറിവില്ല.

ശ്രീ. പി. ടി. ചാക്കോ : ഈ ഫണ്ടിൻെറ ഭരണം നടത്തുവാൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയെ ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ : ഇതു ഗവണ്മെൻറിൻെറ കീഴിലുള്ള ഒരു സ്ഥാപനമല്ല. ഗവണ്മെൻറു് ഇതിലേക്കു ഗ്രാൻറു കൊടുക്കുന്നുവെന്നു മാത്രമെയുള്ളു. പബ്ലിക്കു പണം പരിച്ചുണ്ടാക്കിയ ഒരു സ്ഥാപനമാണിതു്. അങ്ങനെയുള്ള ഒരു സ്ഥാപനത്തിൽ ഗവണ്മെൻറു് പ്രവേശിക്കുന്നതു ശരിയാണോ എന്നു സംശയമുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ഗവണ്മെൻറിൽനിന്നും യാതൊരു നിയന്ത്രണവുമില്ലാത്ത മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കു ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. കെ. എ. മാത്യു : ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥന്മാർ ചേർന്നല്ലേ പണം പിരിച്ചിട്ടുള്ളതു്?

ശ്രീ. ഏ. ജെ. ജാൺ : പലരും കാണും.

ശ്രീ. പി. ടി. ചാക്കോ : ഇതു് ഒരു ട്രസ്റ്റായിട്ടു ഗണിക്കുകയും അതിലേക്കു ചില ചുമതലകൾ ഗവണ്മെൻറിനുണ്ടായിരിക്കുകയും ചെയ്യുന്ന നിലയ്ക്കു് അതിൻെറ ശരിയായ ഭരണം നടത്തുവാനുള്ള ചുമതല ഗവണ്മെൻറിനുണ്ടെന്നു വിചാരിച്ചു് അതിലേക്കാവശ്യമുള്ള നിയമനിർമ്മാണം ചെയ്യുവാൻ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

Mr. Speaker: That question does not arise.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ വഞ്ചിപുറ്റ് ഫണ്ടു് തുടങ്ങിയതു് ആരാണു്?

ശ്രീ. ഏ. ജെ. ജാൺ : പൊതുജനങ്ങളും അന്നത്തെ ദിവാൻജിയുംകൂടി.

ആദായനികുതി കമ്മീഷൻ

* ൭൭൪. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആദായനികുതി കമ്മീഷനെ നിയമിച്ചതു എന്നാണെന്നു പറയുവാൻ കഴിയുമോ;

(ബി) ൧൯൫൦ ഫെബ്രുവരി അവസാനംവരെ, ആ കമ്മീഷനെ നിയമിച്ചതുമൂലം ഗവണ്മെൻറിനു് എത്ര ചെലവായി എന്നു പറയുവാൻ കഴിയുമോ;

(സി) കമ്മീഷനു നാളിതുവരെ എത്ര കേസ്സുകൾ അയച്ചുകൊടുത്തു; എത്ര കേസ്സുകൾ തീർന്നു;

(ഡി) കമ്മീഷൻ അംഗങ്ങൾ full time Officers ആണോ part time Officers ആണോ?

ശ്രീ. ഏ. ജെ. ജാൺ :

(എ) ൧൯൪൬ ഡിസംബർ.

(ബി) ൨ ലക്ഷം രൂപാ.

(സി) അയച്ചുകൊടുത്ത കേസുകൾ ൧൨, തീർന്നതു നാലു്

(സി) ഏർപ്പാടൊന്നും ആലോചിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : അവക്കു നാളെ മുതൽ പ്രവർത്തനം ഉണ്ടായിരിക്കുമോ?

ശ്രീ. ഏ. ജെ. ജാൺ : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

Sri. K. P. Nielakanta Pillai: May I know, Sir, what was the amount which the Government got by the disposal of those cases?

ശ്രീ. എ. ജെ. ജാൺ: ഒവ്, ൻവ്ൻ ശ്രപാ ഒ ച. ര കാര്യ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കമ്മീഷൻ വരുന്നതിൻ മുൻപ് ഈ കേസു തുരായിരുന്നു നോക്കിയിരുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതുവരെ തുരും നോക്കുന്നില്ലായിരുന്നു.

നെല്ലുവിളവു നഷ്ടം

* ൭ ൫. (൪) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യകാര്യ്മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ വിളവെടുപ്പിൽ ഉണക്കുമൂലം നെല്ലിൻെറ വിളവിൽ നേരിട്ടിട്ടുള്ള നഷ്ടം എത്രയാണെന്നു ഗവണ്മെൻറു കണക്കാക്കിയിട്ടുണ്ടോ;

(ബി) വിളവു നഷ്ടപ്പെട്ട നെൽകൃഷിക്കാർക്കു് ഉണക്കുബാധിച്ചു നിലങ്ങളുടെ നികുതി ഇളവു ചെയ്തുകൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ;

(സി) മദ്രാസ് പ്രവിശ്യയിൽ ഉണക്കുമൂലം കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്കു നികുതി ഇളവുചെയ്തുകൊടുക്കേണ്ട സംഗതി ആ ഗവണ്മെൻറു് ആലോചനാവിഷയമാക്കിയിട്ടുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കണക്കാക്കിയിട്ടില്ല.

(ബി) ചിറയ്ൻ താലൂക്കിൽ നിന്നു മാത്രം ഈ അവസ്ഥയെപ്പറ്റി റിപ്പോർട്ടു വന്നിട്ടുണ്ടു്.

(സി) ഗവണ്മെൻറിനറിവില്ല.

ശ്രീ. പി. നാണു: ഈ ചോദ്യം ഉണക്കുമൂലം വിളവു നഷ്ടപ്പെട്ട കൃഷിക്കാർക്കും ഇളവു ചെയ്തു കൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറാലോചിക്കുന്നുണ്ടോ എന്നാണു്. അതിനു മറുപടി പറഞ്ഞിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റി അപേക്ഷ വന്നിട്ടു് റിപ്പോർട്ടിനു അയക്കയുണ്ടായിട്ടുണ്ടു്. എന്നാൽ ചിറയ്ൻ താലൂക്കിൽനിന്നു മാത്രം റിപ്പോർട്ടു വന്നിട്ടുണ്ടു്.

ശ്രീ. പി. നാണു: ചിറയ്ൻ താലൂക്കിൽനിന്നും മാത്രം റിപ്പോർട്ടു വന്നതു് അവിടെ മാത്രം ഉണക്കുകൊണ്ടു കൃഷി നഷ്ടപ്പെട്ടിട്ടുള്ളതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു സംബന്ധിച്ചു് അപേക്ഷകിട്ടിയിട്ടുള്ളതു് റിപ്പോർട്ടിനയച്ചിട്ടുണ്ടെന്നേ പറഞ്ഞുള്ളു. അതു് കീഴുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടനുസരിച്ചും നഷ്ടമുള്ളവരുടെ ആവലാതി അനുസരിച്ചും ആണു് ഗവണ്മെൻറു ചെയ്യുന്നതു്. ഗവണ്മെൻറു് അങ്ങോട്ടു വാളൻറിയർ ചെയ്തു ഇളവുചെയ്തുകൊടുക്കുന്നകാര്യ്ം ആലോചിച്ചിട്ടില്ല.

ശ്രീ. പി. നാണു: ഈ അപേക്ഷകരും അയക്കേണ്ടതു് ഇൻഡിവിഡുവലായിട്ടാണോ അതോ എല്ലാംകൂടി ഒന്നിച്ചു് അയച്ചാൽ മതിയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടുന്ന അപേക്ഷകരും എല്ലാംകൂടി റിപ്പോർട്ടിനായി അയച്ചു് അന്വേഷണം നടത്തി നികുതി ഇളവുചെയ്തു കൊടുക്കണമെന്നു ബോദ്ധ്യപ്പെടുകയാണെങ്കിൽ അതിനുവേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. പി. നാണു: എത്രാനും സ്ഥലങ്ങളിൽ ഉണക്കുമൂലം കൃഷി നഷ്ടപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെൻറിനു ഇതുവരെ ബോദ്ധ്യമായിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ചില രൂപകം ഒക്കെയുണ്ടു്. അതനുസരിച്ചു പ്രവർത്തിച്ചാൽ പരിഹാരം കൊടുക്കണമെന്നുള്ള കാര്യ്ങ്ങളൊക്കെ കൊടുക്കുന്നതാണു്.

*Printed serially in the proceeedings, although the question was answered only at the end of the question hour.

LIBRARY ARCHIVES Kerala Legislative Assembly